കയർ സഹകരണ സംഘങ്ങൾ

287(627) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര കയർ സഹകരണ സംഘങ്ങളുണ്ട് ; ഇവയിൽ പ്രവർത്തനക്ഷമമായുള്ളവയുടെ എണ്ണം എത്രയാണ് ;

(ബി) ഉല്പാദന ചെലവിനനുസൃതമായി കയറിനും കയറുല്പന്നങ്ങൾക്കും വില ലഭ്യമാകുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിൽ ഉറപ്പു പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് ; ഇതിൽ കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് എത്ര തുക ഇതുവരെ ചെലവഴിച്ചു ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്യപ്പെട്ട കയർ മേഖലയിലെ 1010 വിവിധ സഹകരണ സംഘങ്ങളിൽ 573 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഉൽപ്പാദനച്ചെലവിനനുസൃതമായി കയറിനും കയർ ഉൽപ്പന്നങ്ങൾക്കും വില പുതുക്കി നിശ്ചയിക്കാറുണ്ട്.

(സി) കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് തൊഴിൽ ഉറപ്പു പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും കയർ വികസന വകുപ്പിന് നേരിട്ട് ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല

കേരള ബീഡി തൊഴിലാളി ആശ്വാസ പെൻഷൻ പദ്ധതി

288 (628) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബീഡി ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഏതുമാസം വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly